



# GHSS KOKKALLUR
# LITTILE KITES
# TEAM

# ആമുഖം

ലോകം മാറുന്നു
നമ്മുടെ കാഴ്ചകളും
ഞങ്ങൾ ലിറ്റിൽ കൈറ്റിലെ
കൂട്ടുകാർ
പുതിയ കാഴ്ചകളിലേക്കുള്ള
മിഴി തുറക്കുകയാണ്.
കുറവുകൾ ഉണ്ടാകും.
പക്ഷെ സ്വീകരിക്കുക.

\- എഡിറ്റർ

എഡിറ്റോറിയൽ ടീം=അഭിനവ് ഷൈജു

അഭയ് കൃഷ്ണ സി ആർ

യദുകൃഷ്ണ .ബി

അഭിനന്ദ് ടി. വി

നിരഞ്ജ് എസ് സുരേശൻ

# ഉള്ളടക്കം


1. പേമാരി പൂത്തകാലം(കവിത)........................................ 4
2. അതിജീവനം(കവിത)........................................ 7
3. മനസ്സിൻ മയക്കം(കവിത)........................................ 10
4. അറിയാതെ നീ(കവിത)........................................ 11
5. വേനൽ(കവിത)........................................ 12
6. പരീക്ഷ(ചെറുകഥ)........................................ 13
7. നിന്നിലെ ഓർമ്മകൾ(കവിത)........................................ 14
8. പ്രകാശം(കവിത)........................................ 15
9. ഓണനിലാവ്(കവിത)........................................ 16
10. നഷ്ടങ്ങളുടെ കണക്കുപുസ്തകം(കവിത)........................................ 17
11. സ്മൃതിപദം(കവിത)........................................ 19
12. സഖീ(കവിത)........................................ 21
13. താരങ്ങൾ(കവിത)........................................ 22
14. ഇത് നിഴൽ മാത്രം(കവിത)........................................ 23
15. വിചിത്രമായൊരു പ്രണയം(ചെറുകഥ)........................................ 25
16. സ്മരണകൾക്കുമപ്പുറം(കവിത)........................................ 26
17. കുമാരനാശാൻ........................................ 27
18. ഉള്ളൂർ........................................ 28
19. വള്ളത്തോൾ........................................ 29
20. INCUBUS(story)........................................ 31
21. സൗഹൃദം തേടി(കവിത)........................................ 33
22. വരുന്ന സമരവേനലുകൾ(ലേഖനം)........................................ 34
23. ചിത്രരജനകൾ........................................ 35
24. RECONSTRUCTION(poem)........................................ 36
25. QUOTE........................................ 38
26. കണ്ണുണ്ടായാൽ പോര കാണണം(ചെറുകഥ)........................................ 40
27. ചിത്രരജനകൾ........................................ 41
28. ഒത്തൊരുമ(കവിത)........................................ 42
29. കണ്ണുനീർ തുള്ളി(കവിത)........................................ 43
30. ചിത്രരജനകൾ........................................ 44
31. ഒരു യാത്രകൂടി(കവിത)........................................ 45
32. പ്രണയം(കവിത)........................................ 46
33. THE BLESSING OF GOD(poem)........................................ 47
34. MY SCHOOL........................................ 48
35. NOSTALGIA........................................ 49

# പേമാരി പൂത്തകാലം... ആര്യ നന്ദ ബി.എസ്


ജാലകപ്പടിയിലൂടെ പുറത്തേക്കു നോക്കി,
മാനം കറുത്തിരിക്കുന്നു.
ഒരു തുള്ളിക്കണ്ണുനീർ ഭൂമിയെ ചുംബിച്ചു.
അതിനു പിന്നാലെ മറ്റനേകം തുള്ളികളും,
ആ മുത്തുചുംബനം
വരണ്ടമണ്ണിനെ കുളിരണിയിപ്പിച്ചു.
ഏവർക്കും ആനന്ദപ്രദമാം നിമിഷങ്ങൾ....
പക്ഷേ.................!
പ്രകൃതി തന്നുടെ രൗദ്രഭാവം പൂണ്ടു.
അവളുടെ കണ്ണുകൾ
ജ്വലിക്കുന്ന ഭീമൻജലകണങ്ങളായ്
അവ കേരനാടിനെയൊന്നാകെ വിഴുങ്ങി.
ഗിരിശൃംഗങ്ങളെ അവൾ പിടിച്ചുലച്ചു,
അവളുടെ പ്രഹരത്തെ
അതിജീവിക്കാനാവാതെ അവ –
യോരോന്നായി മൃത്യുവരിച്ചു.
സർവ്വവിനാശകാരിയായ്
അവൾ താണ്ഡവമാടവെ........
പകച്ചുപോയ് സർവ്വതും.
ഗിരിശൃംഗങ്ങൾ തൻ അസ്ഥികൾ

അവ വീട്ടുമുറ്റങ്ങളും,
നടവഴികളും,നദികളും കയ്യേറി
ഒട്ടേറെ ജീവനുള്ള അവൾ
അഗാധഗർത്തങ്ങളിലേക്ക് തള്ളിയിട്ടു
ഒരുകൊടുംകാറ്റുപോൽ വെള്ളപ്പൊക്കവും
പേമാരിയും ആർത്തലച്ചപ്പോൾ
ഇടുക്കിയും തുറക്കേണ്ടി വന്നപ്പോൾ...
നിളയും,പമ്പയും,ഇടമലയാറും
കരകവിഞ്ഞു.......
ജീവിതത്തിനും മരണത്തിനുമിടയിലുള്ള
നൂൽപ്പാലം കണ്ട എത്ര ജീവനുകൾ
പ്രളയക്കെടുതിയെ അതിജീവിക്കാൻ
കഴിയാതെ മരണത്തിനു കീഴടങ്ങിയവർ
അവഗണനയ്ക്കു പാത്രമാകേണ്ടി വന്നവർ
ജീവൻ മരണപോരാട്ടം നടത്തി
രക്ഷിച്ച തത്ര മനുഷ്യജന്മങ്ങൾ
ജീവിതസമ്പാദ്യങ്ങൾ നഷ്ടമായ
ദിനരാത്രികൾ
നെഞ്ചോടുചേർത്ത പാഠപുസ്തകങ്ങൾ
നനഞ്ഞുകുതിർത്ത ദിനങ്ങൾ
ഉറ്റവരെയോർത്ത് വിലപിച്ച ദിനങ്ങൾ
ഓർക്കുമ്പോൾ നോവുന്ന എൻ ഹൃദയം

ഏല്ലാത്തിനുമൊടുവിൽ ഒരു കുടക്കീഴിൽ
ഒത്തുചേർന്നപ്പോൾ നാം കണ്ടത്
മനുഷ്യത്വം വറ്റാത്ത കേരളീയ ജനതയെ
ഇവയ്ക്കെല്ലാം ഒരു നൂറ്റാണ്ടിന്റെ
ദൈർഘ്യമുണ്ട്...
അവൾ തിരിച്ചടിച്ചപ്പോൾ ഉണ്ടായത്
ഒരു മനുഷ്യരാശിയെ നടുക്കിയത്
ഓർക്കുക മനുഷ്യരേ ഇത് പ്രകൃതി
നൽകിയ ഗുണപാഠം

# അതിജീവനം

**പാർത്ഥിവ് ജീവൻ**



ഒരു പ്രത്യേകതയുമില്ലാത്ത
ദിവസങ്ങൾ
സൂര്യനുദിക്കുന്നു;അസ്തമിക്കുന്നു.
അതിനിടയിൽ ആളുകളുണരുകയും
ആഹാരമുണ്ടാക്കി കഴിക്കുകയും
ജോലിക്കായും അല്ലാതെയും
യാത്രചെയ്യുകയും ചെയ്തു.
ഏതു മഴക്കാല ദിനങ്ങളിലുമെന്നപോലെ
കോട്ടോ കുടയോ കൈയിൽ
കരുതാനുമവർ മറന്നില്ല

ചന്തകളിൽ പതിവുപോലെ
കച്ചവടം നടന്നു
വദ്യാലയങ്ങളിൽ അദ്ധ്യയനവും
ബീച്ചിൽ സെൽഫിയെടുക്കലും
ബാർബർഷാപ്പിൽ രാഷ്ട്രീയം പറച്ചിലും
മുടങ്ങിയില്ല.
സോഷ്യൽ മീഡിയയിൽ
ചാറ്റുചെയ്ത്
പതിവുപോലെ ഉറങ്ങി

അയയിൽ തോരനിട്ട വസ്ത്രങ്ങൾ
രണ്ട ദിവസമായിട്ടും
ഉണങ്ങാതായപ്പോൾ
അമ്മമാരാണ് പറഞ്ഞത്
എന്തൊരു മഴയാണിത് !പറഞ്ഞു പറഞ്ഞിരിക്കെ
മഴപെയ്ത്തിന്റെ താളം മുറുകി
കുടിച്ചു കുടിച്ചു പെരുവയറിയായ
ഭൂമിയ്ക്ക് അജീർണം പിടിച്ചു.

അണകെട്ടി നിർത്തിയ
അരുവിയുടെ നോവ്
എല്ലാ സീമകളേയും തകർത്ത്
മുന്നേറുമ്പോൾ
മഴവെള്ളത്തിന്റ് ചോരനിറം

പുഴയൊഴുകി
പ്രളയസമതലങ്ങളും കടന്ന്
മനുഷ്യാഹന്തയുടെ
മതിൽക്കെട്ടുകൾ തകർത്ത്

ജാഗ്രതയുടെ മരയോന്തുകൾ
നിറം മാറിയത് എത്രപെട്ടന്നാണ്
മഞ്ഞയിൽ നിന്നും ഓറഞ്ചിലേക്ക്
പിന്നീടതിനും ചോരനിറം.

ഗേറ്റും കടന്ന് പ്രളയമെത്തിയപ്പോൾ
ഇന്റർലോക്ക് കട്ടകളുടെ
പോളീഷുപോകുന്നല്ലോയെന്നു
നാം നെടുവീർപ്പിട്ടു
ചുവന്നൊഴുകുന്ന വെള്ളംനിറം മാറിയ മരയോന്തുകളെ
കണ്ടില്ലെന്നു നടിച്ച്
സ്ഥാവരജംഗമങ്ങളെ
സുരക്ഷിതമാക്കാൻ വെമ്പുമ്പോൾ
അവർ വന്നു വിളിച്ചു
കുഞ്ഞാലിയുടെ പിന്മുറക്കാർ
ഉമ്മറപ്പടിയും കടന്ന്
സ്വീകരണമുറിയിലേക്ക്
കയറുമ്പോൾ വിലപിടിപ്പുള്ളതെല്ലാം
ഒന്നാം നിലയിലേക്ക്
കയറ്റുന്ന തിരക്കിലായിരുന്നുനാം

നിറം മാറിയ മരയോന്തുകളെ
കണ്ടില്ലെന്നു നടിച്ച്
സ്ഥാവരജംഗമങ്ങളെ
സുരക്ഷിതമാക്കാൻ വെമ്പുമ്പോൾ
അവർ വന്നു വിളിച്ചു
കുഞ്ഞാലിയുടെ പിന്മുറക്കാർ



# മനസ്സിൻ മയക്കം

ഉണ്ണിമായ ജി എസ് (പൂർവ്വവിദ്യാർത്ഥി)

*എന്നിലെ മൺ കുടത്തിൽ
അകലെ വാനിൽ ചുവപ്പും
കാർമേഘത്തിൻ തുടിപ്പും
ഒരു കുഞ്ഞു രാക്കിളി പോലെ ഞാൻ
ഒരു കുന്നു സ്വപ്നങ്ങൾ നെയ്തെടുത്തു.
കൊത്തിപറക്കുന്നവെൺ പിറാക്കൾ-
ക്കൊപ്പമാഹ്ലാദിച്ചോടിയെത്തിയൻ
കുഞ്ഞൂ മനസ്സും.*

*ഒരു കൊച്ചു രാക്കിളി ഞാനോ?
ഉത്തരമില്ലാ ചോദ്യങ്ങൾക്കുത്തരം
ഞാനും ബാക്കിയായെൻ മനസ്സും.
ഒരു തുള്ളി കണ്ണുനീർ പൊഴിയുന്നി-
താ മാനത്തിൽ തീരാ കണ്ണുനീർ.
മരവിക്കുന്ന വാക്കുകൾ ബാക്കിയായ്
വിടപറയാനാകുമെൻ ജീവിതം.
ഓരോ നിമിഷവുമായി വർണ്ണങ്ങളിൽ-
പട്ടു നെയ്യുമെൻ കുഞ്ഞു മനസ്സു മയങ്ങി.
നിശ്ചലമാം വിരഹത്തിൽ മയക്കം.*




കവിത

# അറിയാതെ നീ...

**അഭയ് കൃഷ്ണ സി ആർ**
*IX-D*

അറിയാതെ വന്നു നീ എൻ ഹൃദയവാതിലിൻ കോണിൽ
അറിയാതെ നീ എൻ മനം കവർന്നു.
പിന്നീട് നീ സ്വപ്നവും,പ്രണയവുമായി തീർന്നു.
ഓരോ ദിനരാത്രത്തിലും നീ....
നിറവസന്തമായി കടന്നുവന്നു.
പ്രണയമെൻ അഗാതതയിൽ തലതല്ലി.
മനസ്സിലെ പ്രണയം പറഞ്ഞിട്ടും
അറിയാത്തമട്ടിൽ നീ നടന്നകന്നു
ഓർമ്മകളെ മറക്കാൻ ശ്രമിക്കുമ്പോഴും
ഓർത്തു പോകുന്നു ഞാൻ.
സ്കൂളിലെ ആൾക്കൂട്ടങ്ങൾക്കിടയിലും
എന്റെ കണ്ണുകൾ നിന്നെ തിരഞ്ഞിരുന്നു.
നിൻ രവം കേൾക്കാൻ കൊതിച്ചിരുന്നു.
അണയാത്ത നിൻ ഓർമ്മകൾ
അമരമായി നിലകോണ്ടീടുന്നു.
മറക്കാൻ എനിക്ക് കഴിയുന്നില്ല
അറിയാതെ നിന്നെ പ്രണയിക്കുന്നു ഇപ്പോഴും........



# വേനൽ


വേനൽ കനലായ് വന്നൊരുനാളിൽ
ഇളം ചൂട്ടുപോൽ മനസ്സിന്നൊളിയിൽ
പൂമരത്തിൽ ഇലകളിൽ തട്ടി
എന്നരികിലേക്ക് കുളിരായ് വന്നു
ഓരോ ദിനവും നീ
പലതായ് എൻ മനസിനെ
ആനന്ദപൂരിതമാക്കി
നിൻ കിരണങ്ങളേൽക്കുമ്പോൾ
മനസറിയാതെ കുളിരുന്നു.
എൻ ഏകാന്തതയിൽ നിൻ കിരണം
എനിക്ക് കൂട്ടാകുന്നു
എന്നും നീയെൻ കൂടെ
എപ്പോഴും നീയെൻ കൂടെ
വേനൽ കനലായി വന്നോരുന്നാളിൽ
നമ്മൾ ഒന്നായ് പറന്നു വാനിൽ...........

ചെറുകഥ

# പരീക്ഷ

നീരജ് എസ് സുരേശൻ
IX - A

ക്രിസ്തുമസ് പരീക്ഷ നാളെ തുടങ്ങും. പേടികൊണ്ട് തുടികൊട്ടുന്ന മനസ്സുമായി ബസ്സിൽ കയറാൻ നിന്നു. ഒന്നല്ല ഒരു പത്ത് ബസ്സ് പോയിട്ടും അതിലൊന്നും കയറാൻ പറ്റിയില്ല. സ്കൂൾ തുറന്ന ശേഷം ക്ലാസിലിരിന്ന ദിവസങ്ങൾ വളരെ കുറവ്. എടുത്തപാഠങ്ങൾ ഏതൊക്കെ? എടുക്കാത്തവ ഏതൊക്കെ?,പരീക്ഷയ്ക്കു വരുന്ന പാഠഭാഗത്തിന്റെ കണക്ക്–കണക്കു സാർ തന്നപ്പോൾ, വൃത്തത്തിനുള്ളിൽ മറ്റൊരു വൃത്തമായി ത്രികോണത്തിന്റ സദൃശവും ,സാദൃശ്യവും തിരിച്ചറിയാൻ കഴിയാതെ ഞാനൊരു ക്യൂബായി.



അടുത്തദിനം പൂച്ചയെപ്പോലെ പതുങ്ങിയാണ് ഞാൻ പരീക്ഷഹാളിൽ കയറിയത് ചോദ്യപേപ്പർ കയ്യിൽ കിട്ടിയപ്പോൾ.!(a+b)2 ഉം (a – b)2 ഉം എന്നെനോക്കിചിരിച്ചു.എനിക്കും അവരോടൊപ്പം നൃത്തം ചെയ്യാൻ തോന്നി. ഞാൻ ചുറ്റും നോക്കി........... 30 ൽ 30 ദിവസവും ക്ലാസിൽ വന്ന ഫിനുവും ശിവാനിയുമെല്ലാം തലയ്ക്ക് കയ്യും കൊടുത്തിരിക്കുന്നു. അമ്മയുടെയും അച്ഛന്റെയും ശിക്ഷണത്തിന്റെ രക്ഷയാൽ 2 മണിക്കൂറിന്റെ പരീക്ഷ ഒരു മണിക്കൂർ കൊണ്ടെഴുതി ഞാൻ പുറത്തിറങ്ങി .

# നിന്നിലെ ഓർമ്മകൾ

ഉപന്യ ജി എസ്

ചന്ദനക്കുറി തൊട്ട സന്ധ്യാമേഘമേ
നിന്നെ ഞാൻ പ്രണയിച്ചിരുന്നു
ചെമ്പനീർ വാടുന്നീ സായാന്തനങ്ങളിൽ
നിന്നെയും കാത്തു നിൽപ്പൂ ഞാൻ
എന്തെൻ കിനാവിന്റെ ജാലകചില്ലയിൽ
നിലാപുഷ്പമായി നീ വിടർന്നു
പറയാതെ വന്നെന്നെ ഋതുക്കളിലെല്ലാം
പുണരുന്നതെന്തേ നിൻ മൗനം
ഇരവറിയാതെ പകലറിയാതെ
നീ തന്ന മയിൽപ്പീലി പൂക്കൾ
മിഴിയിലെ പുസ്തകത്താളിൽ ഓർമ്മയായ്
ഒരു കുടം കണ്ണുനീർ തുള്ളികളാകെ..

# പ്രകാശം

നീരജ് എസ് സുരേശൻ

നിത്യമനോഹരിയാമീ
ഭൂമിയിൽ..!
എങ്ങും നിറിയും മധുവും മലരും,
പുഴയിൽ ഒയുകിനടന്നീട്ടുന്നൊരു
നീർകുമിൾ പോലാംജീവിതയാത്രയിൽ
നിറഞ്ഞുള്ളുമ്പിമനോഹരിയാകും
പെൺകൊടി
നി എൻ പ്രകാശമെ

# ഓണനിലാവ്

പൂവിൻ നാദസ്വരം കേൾക്കാതെ
കിളികൊശഞ്ചലില്ലാതെ വസന്തകാലം
വീണ്ടും
പണ്ടൊക്കയീനാട്ടിൽ ഓണമൊരു
ഉത്സവനിറവിൽ കളിയാടി
നാളേറെയായ് ഓണമായൊരു സ്വപ്നമായ്
മനസിലൊരു വിങ്ങലായ്
മാവേലിത്തമ്പുരാനും മൺമറഞ്ഞു
ഓണനിലാവും മയക്കമായ്
കാത്തിനൊത്തു ചിന്തയും മാറി
ജീവിതത്തിൽ പൂവിൻഗന്ധം ഒരു നിഴലായ്
നിലാവ് നോക്കി ഓണപ്പൊലിമയിലേക്ക്
പൂക്കളും ഓണത്തെ മറന്നുപോയ്
കൊതിയൂറും സദ്യയും മാഞ്ഞുപോയ്
നിഴൽ പോലെ ഇരുളിൽ മറയാതെ
ഇനി നീയെന്നുവരും
വരുവിൻ നാദമായ്
നാടിൻ ഉത്സവമായ്



# നഷ്ടങ്ങളുടെ കണക്കുപുസ്തകം

എന്റെയൊരു മുയൽക്കുഞ്ഞ്
അനിയത്തിയുടെ കോഴി
അമ്മ വളർത്തുന്ന നാലാടുകൾ
ആമിനത്താത്തയുടെ പശു
മറിയച്ചേടത്തിയുടെ
എരുമയും,പന്നിയും,താറാവും
നഷ്ടങ്ങളുടെ കണക്കെടുപ്പിൽ
വളർത്തുമൃഗങ്ങളുടെ കോളം
നിറഞ്ഞു കവിഞ്ഞു

മൺച്ചട്ടിയും പ്ലാസ്റ്റിക്ക്ഷീറ്റിട്ട
മൊൽക്കൂരയും രേഖപ്പെടുത്താൻ
കോളമില്ലാത്തതിനാൽ
ഞങ്ങളുടെ വീട്ടിലെ കണക്കെടുപ്പ്
പെട്ടന്ന് പൂർത്തിയായി
തീർച്ചയായും കോളമുണ്ടായിരിക്കണം

വീടു വീട്ടുപകരണങ്ങളും
വ്യാപാരവ്യവസായങ്ങളും ചേർത്ത്
പട്ടിക വിപുലീകരിക്കുമ്പോൾ
കൃഷിയും ഗതാഗതശൃഖലയും
വിട്ടുപോകരുത്

മുന്നൂറ്റമ്പത് ശതകോടിയുടെ
നഷ്ടക്കണക്കിൽ
ഞങ്ങളുടെ കോഴിയും ആടുമൊക്കെ
-പ്പെട്ടതിൽ ആശ്വസിക്കാം

കേരളമെന്ന ചെരിവുതലത്തിലൂടെ
മഴയുടെ കൈയും പിടിച്ച്
കടലുകാണാൻ പോയ
മൺതരികൾക്ക്നാം
എന്തു വിലയിടും?

# സ്മൃതിപദം

താരക.കെ എസ്
IX C

നിൻ അധരങ്ങൾ പുഞ്ചിരി സമ്മാനിച്ചപ്പോൾ
എൻ ഹൃദയം അനുരാഗധാര സമ്മാനിച്ചു
നിൻ നീർമിഴിപീലിയിൽ നിന്നൊരു
തുള്ളി അശ്രു പൊഴിഞ്ഞപ്പോൾ
എൻ നയനങ്ങൾ കണ്ണീർ വർഷം തൂവി
സ്ഥാവരജംഗമ ജീവിതാനുഭവങ്ങൾ
പകർന്ന് നീയെന്തേ അകലുന്നു
നിൻ നേത്രങ്ങൾ ഈറനണിയുന്ന ഓരോ നിമിഷവും
എൻ വദനം നനവാർന്നതാക്കി
അകലേക്കൊഴുകുന്ന പുഴയാണെങ്കിലും നീ
എൻ ഓർമ്മതൻ മധുപാത്രത്തിലേക്കിറ്റിവീഴുന്നു
നിന്റെ വിരഹം, ഓരോനിമിഷവും എന്റെ
വ്യഥയുടെ ഇരുളറയായി മാറവേ
മിന്നിതിളങ്ങുന്ന താരകമായി നിന്റെ
സ്മൃതിപദം എന്റെ ഹൃദയത്തെ സ്പർശിക്കുന്നു
അനാവൃഷ്ടിയിൽ ആ സ്പർശം കുളിർമയേകുന്നതായി
ഓരോ രാവും പകലുകളാക്കാൻ
ആത്മാവിനുള്ളിൽ കുളിർമഞ്ഞുതൂവി

നീ തിരമാലയായി എന്നിലേക്കടുക്കുന്നു
തിര അകന്നു പോയാലും കരയെ
തേടി അത് വീണ്ടും ആഗമിക്കും

വാനിന്റെ ഏതോ കോണിലുള്ള നക്ഷത്രത്തെ
തിരഞ്ഞ് ഒരു നിലാപക്ഷിയായി ഞാൻ വരും
പറന്നു പറന്നു വാനിന്റെ ഉയരങ്ങളിലേക്കെത്തുമ്പോൾ
നീ താഴെ ഒരു പുഷ്പമായി പുഞ്ചിരി ളുകും
അതിലെ തേൻ നുകരാനായി ഒരു
ചിത്രശലഭമായി ഞാനണയും
എന്നിട്ടും നീ അകലുകയാണെങ്കിൽ
നിന്റെ വരവിനായി, നിന്റെ സ്പന്ദനത്തിനായി
ഞാൻ  കാത്തിരിക്കും, ഒരു തോരാമഴയായി.............



# സഖീ....

അഭയ് കൃഷ്ണ സി ആർ

IX :D

പ്രിയ സഖീ.....
അനുരാഗമായീ നിന്നെ ഞാൻ ഓർക്കുന്നു.
നിൻ ക്ലാസ്സിന്റെ ജനലഴിയിലൂടെയും
വരാന്തതൻ തൂണുകൾക്കിരുവശത്തുകൂടിയും
നിന്നെ ഞാൻ നോക്കീടുന്നു.
കാണുന്നില്ലേ നീ.........

# താരങ്ങൾ

ഉണ്ണിമായ ജി എസ്

മാനത്തിൽ മണിപട്ട് നെയ്യും താരകങ്ങളേ

വെട്ടിതിളങ്ങി ഒറ്റനോക്കുന്ന കുസൃതി-
കുട്ടിയോ നീ..... നിൻമുഖം തെളിഞ്ഞിതാ
നിൽക്കുന്ന ഒരു കുഞ്ഞുവെട്ടവുമായി
പൂർണ്ണേന്ദുവിനൊരു തോഴിയോ നീ റാണിയോ
ചുറ്റും അലങ്കാര വിളക്കുപോൽ കത്തി-
ജ്വലിക്കുമെൻ കുഞ്ഞുതാരകങ്ങളെ മണി
മുത്തുകൾ വാരിവിതറിയെന്നപോൽ
നീ പൈതങ്ങൾക്കൊരാശ്ചര്യം തന്നെ
കറുപ്പിന്റെ പാടകെട്ടിയ വിണ്ണിൽ
ജ്വലിച്ച് വെട്ടം പകരും നീ മാലാഖയോ?



IndiPhone6wallpapers.net

# ഇത് നിഴൽ മാത്രം

പുത്തിലഞ്ഞിപ്പൂമണം അയാളെ പ്രണയിച്ചു
മോഹങ്ങൾക്ക് ചിറക് നൽകാൻ
പട്ടട കത്തിയെരിഞ്ഞ് പുകച്ചുരുൾ
തീർത്ത പ്രേതരൂപങ്ങൾ ഇനിയും
ചിത്രമെഴുതാൻ അയാളുടെ ഭാവന മടിച്ചു
ശ്മശാനത്തിലെ കുറഞ്ഞ മൂകത ഒച്ചയിട്ടപ്പോൾ
ഭയം അയാളിൽ നിന്നും ഓടി രക്ഷപ്പെട്ടു

എന്നിട്ടും പുത്തിലഞ്ഞിപ്പൂമണം പ്രണയം തുടർന്നു...

കുന്നോളം കൂട്ടിയ ചവറുകൾ നാറിയിട്ടും
അയാളുടെ മൂക്കിന് ഭാവമാറ്റമുണ്ടായില്ല,
കൂറ്റൻ പാലത്തിൻറെ നകം പേറി കുഴഞ്ഞ പുഴയ്ക്ക്
കണ്ണീരു പോലുമില്ലെന്ന് അയാൾ അത്ഭുതപ്പെട്ടു.
മൂളിവന്ന കാറ്റിന് പുഴയുടെ വരണ്ട ഗന്ധം....
അയാളത് നന്നായത് തിരിച്ചറിഞ്ഞു.

പുത്തിലഞ്ഞിപ്പൂമണത്തിന് പ്രണയം [illegible] കൂടി വന്നു....

ക്രൂട് കത്തി വിഷാദിച്ച് കുഞ്ഞിനെ                മാറത്തടുക്കി
കരയുന്ന കിളിയെ കണ്ടപ്പോഴും
പച്ചക്കുന്നിന്റെ ഉൾവ്രണം ഉരുൾപൊട്ടി
ചോര ചലം കുത്തി ഒഴുകിയപ്പോഴും
അയാൾ ആനന്ദം കൊണ്ടു.

“കരയാൻ പഠിക്കാത്തത് നന്നായെ''ന്നാശ്വസിച്ചു.
പുത്തിലഞ്ഞിപ്പൂമണം പ്രണയം പ്രയാണം തുടർന്നു....
കപട ഭാഷണപ്പൊരുൾ ചവയ്ക്കാതെ വിഴുങ്ങിയിട്ടും
അയാൾ ഒട്ടും അസ്വസ്ഥനായി കണ്ടില്ല.
എങ്കിലും അയാളിൽ ബാക്കിയായ അമ്മഭാഷാ
മറുപിള്ളയെ ഛർദ്ദിക്കാൻ അയാൾ
വല്ലാതെ മോഹിച്ചു പോയി.

എന്നിട്ടും പുത്തിലഞ്ഞിപ്പൂമണം അയാളെ
പിൻ തുടർന്ന് പ്രണയിച്ചു....എന്തിന് ?
മോഹഭംഗങ്ങൾ നൽകാൻ മാത്രം
കടലിന്റെ കിടിലൻ ശാന്തതയിൽ ആ ഹൃത്തുടിപ്പിന്ന്
വിലയം കൊൾകെ...
പുത്തിലഞ്ഞിപ്പൂമണം പൂവിലേക്ക് തി[illegible]ത് നടന്നു...

ചെറുകഥ

# വിചിത്രമായൊരു പ്രണയം

നീരജ് എസ്

IX – A

തിരയും കടലും പോലെയാണ് എന്റെ ജീവിതം. ഒരുവശത്ത് സുഹൃദ്ബന്ധവും മറുവശത്ത് മധുരമൂറും ഓർമകളും.......................................................! അവളെ കാണുമ്പോൾ എല്ലാം എന്റെ ഹൃദയമിടിപ്പ് വല്ലാതെ ഉയർന്നിരുന്നു ഞാൻ ജീവിക്കുന്നതു പോലും അവളെ കാണാൻ വേണ്ടി മാത്രമായിരുന്നു

പിന്നീട് സംഭവിച്ചതെല്ലാംതാളം തെറ്റിയതായിരുന്നു.

എനിക്ക് വേണ്ടി ചങ്കിലെചോര നൽകാൻ പോലും മടിയില്ലാത്ത സുഹൃത്തുക്കളുടെ വാക്കുകളും പ്രജോദനങ്ങളും.ദിവസങ്ങൾ നാഴികകളായും വിനാഴികകളായും കടന്നുപോയി.

എന്റെ പ്രണയം-അവൾ അപ്പോഴും നിശ്ശബ്ദമായ നോട്ടം മാത്രം നൽകി പറന്നുകൊണ്ടേയിരുന്നു.

അവൾ കൂടെയില്ലാത്ത ദിനരാത്രങ്ങൾ-അവളുടെ ഗാനങ്ങളില്ലാത്ത രാത്രികൾ എനിക്ക് ദീർഘവും,മരണതുല്ല്യവും ആയിരുന്നു.അവളുടെ ചിലനോട്ടങ്ങൾ പ്രണയമാണെന്ന് ഞാൻ

തെറ്റിദ്ധരിച്ചു. അവളുടെ നോട്ടങ്ങൾ എന്റെ പ്രതീക്ഷകളായിരുന്നു - അവളുടെ ചെയ്തികൾ എന്റെ ജീവവായുവാകുന്നു.

എന്തുകൊണ്ട് ...........?

അവൾ എന്നെ പ്രണയിക്കുന്നില്ല...!

# സ്മരണകൾക്കുമപ്പുറം

വിഘ്നേശ് പി ആർ

അനുഭവങ്ങളാകുന്ന മഷിയാൽ ചാലിച്ചെഴുതിയ
പുസ്തകതാളുകളാകുന്ന ജീവിതം
ഓരോ താളും മറയുന്ന മാത്രയിൽ
കരിയുന്ന ജീവിത പുസ്തകങ്ങൾ
പ്രണയവും വിരഹവും ജീവിതതാളിൽ
കാണുന്ന നൊമ്പര ചിത്രങ്ങളായി
ഒരു നറുങ്ങു വെട്ടത്തിനായി മറയ്ക്കുന്ന താളുകൾ ഓരോന്നും
തിരയുന്ന ബാല്യകാലത്തിൻ സ്മരണകൾ
ഒരു നോക്കു കാണാൻ കൊതിക്കുന്ന
അന്ധകാരത്തിന്റെ അഗാധതയിൽ നിന്ന്
അവയ്ക്കു നിറം നഷ്ടമായോ?
ആമുഖത്തിന്റെ ഏടുകൾ ചിതലരിച്ചിരിക്കുന്നു
കേൾക്കുന്നു അവയുടെ ദീനരോധനങ്ങൾ
കട്ടും ചുവപ്പിനെ നീലയാക്കി
മിഴിവെൺമയെ കറുപ്പാക്കി
കനവുകളെ ഒരു പിടി ചാരമാക്കി
അവ മറയുന്നു ജീവിത വഴിത്താരയിലേക്ക്
ഇനിയെന്റെ പുസ്തകത്തിൽ ശേഷിക്കുന്നത്
ജീവാത്മാവിന്റെയും പരമാത്മാവിന്റെയും സംഘമമാണ്.....

# കുമാരനാശാൻ



**എൻ. കുമാരനാശാൻ**

| | |
|---|---|
| **ജനനം** | 1873 12<br>അഞ്ചുതെങ്ങ്,തിരുവനന്തപുരം |
| **മരണം** | 1924 ജനുവരി16 (പ്രായം 50)<br>പല്ലന |
| **തൊഴിൽ** | കവി, തത്ത്വജ്ഞാനി. |
| **സ്വാധീനിച്ചവർ** | ശ്രീനാരായണ ഗുരു |

മലയാളകവിതയുടെകാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ് **എൻ. കുമാരനാശാൻ** (ഏപ്രിൽ12 1873 – ജനുവരി16, 1924). ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.

# ഉള്ളൂർ എസ്. പരമേശ്വരയ്യർ

മഹാകവി
**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ**



| | |
|---|---|
| **ജനനം** | 1877 ജൂൺ 6<br>ചങ്ങനാശ്ശേരി , കേരളം |
| **മരണം** | 1949 ജൂൺ 15(പ്രായം 72) |
| മാതാപിതാക്കൾ | സുബ്രഹ്മണ്യ അയ്യർ<br>ഭഗവതിയമ്മ |
| | തൊഴിൽ |
| പ്രശസ്തി | സാഹിത്യ പ്രവർത്തനങ്ങൾ |
| Notable work | ഉമാകേരളം, പിംഗള |

മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന **മഹാകവി**

**ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ** (1877 ജൂൺ 06– 1949 ജൂൺ 15) ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അദ്ധ്യാപകനായിരുന്നു. അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാലമരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്ക താമസം മാറി. ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതയിൽ കാല്പനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നതിനു പുറമേ സാഹിത്യചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ ഉള്ളൂർ പേരെടുത്തിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

# വള്ളത്തോൾ നാരായണമേനോൻ



വള്ളത്തോൾ നാരായണ മേനോൻ

| | |
|---|---|
| ജനനം | 1878 ഒക്ടോബർ 16<br>തിരൂർ, കേരളം |
| മരണം | 1958 മാർച്ച് 13 (പ്രായം 79) |
| തൊഴിൽ | മഹാകവി, വിവർത്തകൻ |
| പ്രധാന കൃതികൾ | എന്റെ ഗുരുനാഥൻ |

സ്വാധീനിച്ചവർ മഹാത്മാ ഗാന്ധി

മലയാളത്തിലെ മഹാകവിയും,കേരളകലാമണ്ഡലത്തിന്റെസ്ഥാപകനുമാണ് വള്ളത്തോൾ നാരായണമേനോൻ . ആധുനികമലയാള കവിത്രയത്തിൽ കാവ്യശൈലിയിലെ ശബ്ദസൗന്ദര്യം കൊണ്ടും, സർഗ്ഗാത്മകതകൊണ്ടും അനുഗൃഹീതനായ മഹാകവിയായിരുന്ന വള്ളത്തോൾ നാരായണമേനോൻ, തികഞ്ഞ മനുഷ്യസ്നേഹിയും, മതസൗഹാർദ്ദത്തിന്റെ വക്താവും ആയിരുന്നു. മലയാളഭാഷയെ ലോകത്തിനു മുമ്പിൽ ധൈര്യമായി അവതരിപ്പിക്കുകയും, മലയാളത്തിന്റെ തനത് കലയായ കഥകളിയെ പരിപോഷിപ്പിക്കുകയും, ലോകജനതക്കു മുമ്പിൽ സമർപ്പിക്കുകയും അതുവഴി മലയാളവും, കഥകളിയും അന്താരാഷ്ട്ര പ്രസിദ്ധി നേടുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കായ് തൂലിക പടവാളാക്കി മാറ്റി ബ്രിട്ടീഷുകാർക്കെതിരെ സമരകാഹളം മുഴക്കുന്നതിന് ഭാരതജനതയെ ഒന്നടക്കം ആവേശഭരിതരാക്കുകയും മഹാത്മജിയുടെ ആദർശങ്ങളിൽ അടിയുറച്ച വിശ്വസിക്കുകയും, ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിക്കുകയും ചെയ്ത മഹാനായിരുന്ന മഹാകവി വള്ളത്തോൾ. 1878 ഒക്ടോബർ16–ന് തിരൂരിനു സമീപം വള്ളത്തോൾ കോഴിപ്പറമ്പിൽ കുട്ടിപ്പാറു അമ്മയുടെയും TV മല്ലിശ്ശേരി ദാമോദരൻ ഇളയതിന്റെയും മകനായി ജനിച്ചു. സംസ്കൃത പഠനത്തിനുശേഷം കൈക്കുളങ്ങര രാമവാര്യരിൽനിന്ന് തർക്കശാസ്ത്രം പഠിച്ചു.1905–ൽ തുടങ്ങിയ വാത്മീകി രാമായണ വിവർത്തനം 1907–ൽ പൂർത്തിയാക്കി. 1908–ൽ ഒരുരോഗബാധയെതുടർന്ന് ബധിരനായി.ഇതേത്തുടർന്നാണ് 'ബധിരവിലാപം' എന്ന കവിത അദ്ദേഹം രചിച്ചത്. 1915–ൽ ചിത്രയോഗം പ്രസിദ്ധീകരിച്ചു. അതേ വർഷം

കേരളോദയത്തിന്റെ പത്രാധിപനായി . 1958 മാർച്ച്13–ന് 79–ആം വയസ്സിൽ അന്തരിച്ചു.

കടപ്പാട്:

# INCUBUS

*vinayak s s*

*X-I*

It was a foggy October night. He was all alone in his house . His parents were not at home . They were in a tons He can't get a touch with them. He was so absorbed in watching his favourite spooky serial. He was in a frightened mood .The heroin in that serial was chased by a spirit which came from a caused trunk . Because of tears was sweating profusely .He was so suddenly that a thunder turned of all the lights,and the dark conquered the house . Total silence the chirping of the crickets

was disturbing in the silence . After a while he walked towards his room . It is the largest room in his house. He flubbed in the bed for

his mobile . Soon he got the mobile in his hand he typed the password

and checked weather these were any missed calls or any messages . He


was very much tired slowly he fell into a great sleep..........

Suddenly he saw a horrible face in his dream. He screeched with horror. He was fully lost and went towards the study table and turned-on the lamb and drank some water from the jug. With a whispering sound one hand touched his shoulder. He looked back with fear. He saw someone with the face that he saw in his dream. He was totally stunned. He ran towards the the door but no avail. The door was closed from outside. His heart was beating faster while looking all around he formed that the thing he saw was not there. After a short while he saw something moving under his table. He slowly walked towards the table which the crying sound some thing jumped up to him.

Suddenly he walked up with a lond noise. He

slowly opened his eyes. The yellowish sunlight fell in his eyes . It was day, he was totally confused . Suddenly a sound came in his room .'What's the problem Jo' that was his mother ." Hi mom when did you came back?". 'A few hours ago' she replayed when we came you

WERE IN A GREAT SLEEP HIS MOTHER WALKED AWAY .HE WHISPERED' WHAT A DEADLY NIGHT MARE




## GANDHI

-FIRST THEY IGNORE YOU,
THEN THEY LAUGH AT YOU,
THEN THEY FIGHT,
THEN YOU WIN



## HELEN KELLER

1-LIFE IS SHORT AND
UNPREDICTABLE
EAT THE DESSERT FIRST



## ALBERT EINSTEIN

"SCIENCE WITH OUT RELIGION IS LAME,
RELIGION WITHOUT SCIENCE IS BLIND"



# സൗഹൃദം തേടി

അളകനന്ദ സി ബി

ഒരുനാൾ എനിക്കെന്നു പറയാൻ
ഒരാളുണ്ടാകണമെന്ന്
ഞാനാഗ്രഹിച്ചു
പലവഴിയിലൂടെ സഞ്ചരിച്ച് നീ
എന്നരികിലെത്തി
നമ്മൾ പങ്കുവെച്ചനിമിഷം
എത്ര മനോഹരം
ആ ക്ലാസിന്റെ ഓർമ്മകൾ
അവസാനത്തെ ബെഞ്ചിൽ
അവശേഷിക്കുന്നു
ഇന്നുനാം അകന്നു
ദൂരങ്ങളിലേക്ക്....
സൗഹൃദം തേടി
ഇന്നലെ കഴിഞ്ഞ നിമിഷങ്ങൾ പോലെ
ആ ഓർമ്മകൾ എന്നിൽ
അവശേഷികുന്നു
ദൂരങ്ങളിലാണെങ്കിലും
പിരിയാത്ത കൂട്ടുകാർ നാം
നാം പങ്കുവെച്ച നിമിഷങ്ങളെത്രമനോഹരം,
എന്നുമെന്റെ സുഹൃത്തായതിന് നന്ദി.....

ലേഖനം

യൂസഫ് എം കെ
GHSSK

# വരുന്നു സമരവേനലുകൾ

'എവിടെ ശിരസ്സ് ഉന്നതവും മനസ്സ് നിർഭയവുമാകുന്നുവോ ആ കാലത്തിലേക്ക് ഞങ്ങളെ നയിക്കേണമേ' ടാഗോറിന്റെ ഗീതാഞ്ജലിയിലെ ഈ വരികൾ മനുഷ്യസ്വാതന്ത്ര്യത്തിന്റെ വീരോചിതമായ വിളംബരമാകുന്നു. ജെ.എൻ.യു ക്യാമ്പസിലെ ചെറുത്തുനിൽപുകളുടെ ആരവങ്ങൾക്കിടയിൽ കനയ്യ എന്ന ക്ഷുഭിതയൗവനം ഉറക്കെപ്പറഞ്ഞതും ഈ വാക്കുകൾതന്നെയായിരുന്നു. ഉന്നതമായ ജനാധിപത്യബോധത്തിന്റെയും മതേതരത്വത്തിന്റെയും ബഹുസ്വരതയുടെയും നാടെന്ന് ലോകം തന്നെയും വിശേഷിപ്പിച്ച നമ്മുടെ നാട് ഫാസിസത്തിന്റെയും അസഹിഷ്ണുതയുടെയും വിളനിലമായിത്തീരുന്നത് തടയാനു
ള്ള ആർജ്ജവം കലാലയ യൗവനത്തിനുണ്ടെന്ന് സമീപകാല സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നു. ഹൃദയം കൊണ്ട് കാൾസാഗനാവാൻ കൊതിച്ച് ഒടുക്കം ജാതിവെറിയുടെയും വിവേചനത്തിന്റെയും നെറികേടുകൾക്കു മുമ്പിൽ തലകുനിച്ച് മരണത്തിലേക്ക് നടന്നുപോയ രോഹിത് വെമുല ബാക്കി വെച്ചതും കനലൊടുങ്ങാത്ത പോരാട്ട ചിഹ്നങ്ങൾ തന്നെയായിരുന്നു. രോഹിത് എഴുതിവെച്ചു പോയ മരണക്കുറിപ്പ് അവസാനമില്ലാതെ തുടരുന്ന അവകാശ നിഷേധങ്ങളുടെ നേർച്ചിത്രം തന്നെയായി നമ്മെ വേട്ടയാടുന്നു. 'സെൽഫി'കളുടെ ആത്മരതി -ആഹ്ലാദങ്ങൾക്കും ആരാഷ്ട്രീയതയുടെ ആഘോഷങ്ങൾക്കുമപ്പുറം അതിജീവനപ്പോരാട്ടങ്ങളുടെ കൽവഴികളുമുണ്ടെന്ന് കലാലയ യൗവനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

'പരീക്ഷ നിങ്ങൾ നേരിടേണ്ട ഒരു പാവം സാധാരണ മൃഗമാണ്. ക്ലാസ്സുമുറികൾക്കുമപ്പുറത്ത് നിങ്ങൾക്ക് നേരിടേണ്ടിവരുന്ന ഒരു ക്രൂരമൃഗമുണ്ട്; അത് ജീവിതമാണ്' - പ്രൊഫ. എം.എൻ. വിജയന്റെ വാക്കുകൾ നമ്മെ ഉണർത്തുന്നത് പുതുകാലത്തിന്റെ ആസുരതകളിലേക്കാണ്. തീവ്രമതബോധത്തിന്റെ ഉല്പന്നമായ ഫാസിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെയും അസഹിഷ്ണുതയുടെയും വേട്ടമൃഗങ്ങൾ നമുക്ക് മുമ്പിൽ തിരനോട്ടം നടത്തിക്കഴിഞ്ഞു. അതിശയോക്തിയാണെന്ന മറുന്യായങ്ങൾ കൊണ്ട് മറയ്ക്കാനോ വിസ്മരിക്കാണോ കഴിയാത്തവിധം നമുക്കത് നേരനുഭമായിത്തീരുന്നു.

മതേതരബോധത്തിന്റെയും ബഹുസ്വരതയുടെയും നന്മകളെ ഇരുട്ടിലാഴ്ത്തിക്കൊണ്ടുള്ള സവർണ്ണ ജാതി - മത - ഫാസിസ്റ്റ് അധികാരവാഴ്ചയുടെ പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുതുടങ്ങിയിരിക്കുന്നു എന്നതിന് സമീപകാല സംഭവങ്ങൾ സാക്ഷി.



ANJANA



ABHINAV

# RECONSTRUCTION

-PRASEEJA .P
GHSSK


Caste,creed,politics
Along with human pride
Thought about the first time
'Balance of Nature'
Some one yelled
" We have to reconstruct"
Who will you begin?
    God?
It's his rage, then how can he?
    Rulers
Busy blaming each other
    People?
Stringing to make a life
    Nature?
Can't stand another disaster
    Media?
Got some other hot news



Then how?
Let it done bye it Responsible
Whoever it be
'Who' stands with no answer
But he is busy with reconstructing
Caste, creed and politics
along with his pride

# QUOTES OF  FAMOUS PEOPLE

## ALBERT  EINSTEIN




**"Science with out religion is lame**
**Religion without science is blind"**

## NILES BOHR



**"Those who are not shocked when they first come across quantum theory cannot possibly have understood it"**


## STEPHAN HAWKINS



**How difficult life may seem, there is always something you can do succeed at.**
**It matters that you don't just give up.**

## CHARLES  DARWIN

**I have called this principle, by which each slight variation if useful, is preserved, by the term Natural Selection.**



MEGAPIXL
Download from megapixl.com/55321047

## A.P.J ABDUL KALAM



**"Dreams is not what you see in sleep is the thing which doesn't let you sleep**



MEGAPIXL
Download from megapixl.com/55321047

# HITLER


"If you want to shine like sun
first you have to burn like it "
MEGAPIXL
Download from megapixl.com/55321047

# കണ്ണുണ്ടായാൽ പോര കാണണം

രാമഭദ്രന്റെ ഒട്ടകശാലയിൽ ധാരാളം ഒട്ടകങ്ങൾ ഉണ്ടായിരുന്നു.ഒട്ടകവ്യാപാരം ആയിരുന്നു രാമഭദ്രന്റെ തൊഴിൽ.ഒട്ടകവ്യാപാരം നടക്കുന്നത് ആഴ്ചയിൽ ഒരിക്കൽ ദൂരെ ഉള്ള മൈതാനത്താണ്.വ്യാപാര ദിവസം എല്ലാ ഒട്ടകളെയുംകൂട്ടി രാമഭദ്രൻ മൈതാനത്തേക്ക് പോകും.വൈകുന്നേരം മടങ്ങിവരും.കൂട്ടത്തിൽ പടുവൃദ്ധനായ ഒട്ടകം ഉണ്ടായിരുന്നു. അതിന് ഇടതു കണ്ണ് ഒട്ടും കാണില്ല. മുടന്തുമുണ്ടായിരുന്നു. രാവിലത്തെയും വൈകീട്ടെത്തയും ഈ നടപ്പ് അതിനെ കൂടുതൽ ക്ഷീണിതനാക്കി. ഒരിക്കൽ മൈതാനത്തു നിന്ന് അത് എങ്ങനെയോ രക്ഷപ്പെട്ടു. രാമഭദ്രന്റെ ശ്രദ്ധയിൽപ്പെട്ടതുമില്ല.വൈകുന്നേരം തിരിച്ചു കൊണ്ടു പോവാൻ ഒട്ടകങ്ങളെ എണ്ണിയപ്പോൾ മാത്രമാണ് വയസ്സനൊട്ടകം നഷ്ട്ടപ്പെട്ടത് അറിയുന്നത് . ഉടനെ അന്വേഷണമായി. രാമഭദ്രന്റെ അയൽക്കാരനായ വാസുവിനോട് ചോദിച്ചു." ഹേയ് , നിങ്ങളുടെ കാണാതായ ഒട്ടകത്തിന് വലതു കണ്ണെ കാണുകയുള്ളൂ അല്ലേ ?" "അതെ " അയാൾ മറുപടി പറഞ്ഞു. ആ ഒട്ടകത്തിന് എല്ലാ പല്ലുകളും ഇല്ലല്ലോ . ഇല്ല രാമഭദ്രൻ സംശയത്തോടെ വാസുവിനെ നോക്കി." അതു ശരി അപ്പോൾ നിയ്യാണ് എന്റെ ഒട്ടകത്തെ മോഷ്ട്ടിച്ചത് .വാസു അതു നിരസിച്ചു ." പിന്നെ നീ എങ്ങനെ ഈ കാര്യങ്ങൾ മനസ്സിലാക്കി" .രാമഭദ്രൻ ചോദിച്ചു. അപ്പോൾ വാസു ഇപ്രകാരം പറഞ്ഞു .മൈതാനത്തു നിന്ന് കാട്ടിലേക്കുള്ള വഴിയിലൂടെ ഞാൻ നടന്നു വന്നപ്പോൾ വിചിത്രമായ കാഴ്ച കണ്ടു. വലതു വശത്തെ ചെടിയുടെ ഇലകൾ മാത്രം തിന്നു തീർക്കുന്നു. അതുമല്ല കടിച്ച ഇലകളിൽ ചില പല്ലുകളുടെ അടയാളം മാത്രം . പല്ലുകൾ മുഴുവൻ ഇല്ലാത്ത വലതു കണ്ണുമാത്രം കാണുന്ന ഏതോ ജന്തുമാകാമെന്ന് കരുതി നോക്കിയപ്പോൾ വഴിയിൽ ഒരു കാൽപാദത്തിന്റെ മാത്രം അടയാളം. അതാണ് ഞാൻ നിങ്ങളോട് ചോദിച്ചത്. നിങ്ങളുടെ ഒട്ടകം കാട്ടിലേക്കാണ് പോയത്. കണ്ണുണ്ടായാൽ പോര കാണണം

ANJANA A K
IX-I





# ഒത്തൊരുമ

ഓണിൽ രവീന്ദ്രൻ
GHSSK

ഒത്തു പിടിച്ചോളിൻ
നമ്മള് ഒന്നായ് നിന്നോളിൻ
അക്കരെയിക്കരെയെല്ലാം നോക്കി
കണ്ടു പഠിച്ചോളിൻ

അക്കരെയിക്കരെയെല്ലാം കണ്ട്
പഠിച്ചിട്ടെന്താണ്?
കാണാം നമ്മക്ക് ചേലോടെ
നിക്കണൊരാകാശം കാണാം.
ആകാശത്തില് നോക്കിയാപ്പിന്നെ
യെന്തെല്ലാമറിയാം
നക്ഷത്രക്കു ഞ്ഞുങ്ങൾ വെട്ടം വീശി പാടണ കേൾക്കാലോ
ആപ്പാട്ടിലുണ്ടേ അ ആ ഇ ഈ
അക്ഷരമുത്തകള്
അക്ഷരമുത്തിൻവെട്ടത്തിൽ
നമ്മക്ക് വീഴാതെ നടക്കാം
( ഒത്തു പിടിച്ചോളിൻ –...)



# കണ്ണുനീർ തുള്ളി

ഉണ്ണിമായ

ഇരുട്ടിന്റെ കരിമഷിയാൽ മാനം നിറഞ്ഞ
ജലത്തുള്ളികൾ ഉൽസാഹമാം
ഭൂമിയിലേക്കിറങ്ങാൻ

വിതുമ്പി നിൽക്കവേ ,മാനം രണ്ടായ്
പിളർന്നപോൽ

ഇടിയുടെ കാഹളമുയർന്നു

കാറ്റിൻ കൈകളിലൂടെ കുഞ്ഞു തുള്ളികൾ

ഇതാ പൊഴിയുന്നു,ഇതു മാനത്തിൻ
കണ്ണുനീരാകാം

ഒരാനന്ദതുള്ളിയാവാം

കണ്ണുനീരെങ്കിലതെന്തിനു വേണ്ടി

രാത്രിയിൽ തന്നോട് വിടപറഞ്ഞ

സൂര്യനെയോർത്തോ?

പറയുക, എന്തിനു തെളിഞ്ഞൊരാ
നിൻമുഖം നീ

ഇരുട്ടിൻ മറവിലാക്കി?എന്തിനു നീ

തോരാ കണ്ണീരിനിടയാക്കി?....



ABHAI KRISHNA




NEERAJ

# ഒരു യാത്രക്കുടി

അനാമിക ഡി എസ്


ഒരു യാത്രക്കുടി പോയി ഞാൻ
അറിയുവാൻ നമ്മുടെ ഭൂമിയെ
കണ്ടു ഞാൻ ഭൂമിയെ
പച്ചവിരിപ്പിൽ നിന്ന് ഇരുണ്ട പുതപ്പിലേക്ക് മാറുന്നത്
കേട്ടു ഞാൻ കിളികളുടെ മരണവിലാപം
കേട്ടു ഞാൻ കടലിന്റെ അലറികരച്ചിൽ
പെരിയാറിന്റെ മാറിടം പോലും
ഇന്ന് ഇരുണ്ടതെങ്ങനെ?
ചിന്താകുലയായി നിൽക്കുമ്പോൾ
പെട്ടന്ന്..!ഓർത്തു ഞാൻ
പൂർവികരുടെ ഭൂമിയെ
പ്രഭാതവും പ്രദോശവും
തഴുകി തളർന്ന അവളുടെ മേനി.
കറുത്ത കരങ്ങളാൽ ഹീനമായ്
തന്നുടെ പുത്രന്മരുടെ ചെയ്തിലൂടെ



# പ്രണയം.

അനാമിക ഡി എസ്

മറയാതെ മനസ്സിന്റെ മടിത്തട്ടിലിരിക്കുന്ന
നിന്റെ ഓർമ്മകൾ
ഒരുനോക്കുകാണുമാൻ കൊതിക്കുന്നു
നിൻ മുഖം
നിന്റെ കണ്ണുനീരിൻ എന്റെ  സങ്കടണ്ടെങ്കിൽ
നിന്റെ പുഞ്ചിരിയിൽ എന്റെ സ്വപ്നമുണ്ടെങ്കിൽ
എനിക്ക് നിന്നെ ഇഷ്ടമാണ്
നീ എന്റെ ജീവന്റെ ജീവനാണ്
ജന്മം കൊണ്ട് ഞാൻ നിനക്കലെങ്കിലും
സ്നേഹം കൊണ്ടെ ഞാൻ നിന്റെ കൂട്ടായി
നെഞ്ചോടുചേർത്തുള്ള മനസ്സും.
മറയാതെ നിൽക്കുന്ന മുഖവും....
പിരിയില്ല മണ്ണോടു ചേരും വരെ.



# *The blessing of God……*

OUR EARTH IS THE UNIQUE BLESSING OF

GOD…….

HAD SUCH A GREENARY

THE WHITE PRECIOUS PEARLS

FALLING THROUGH THE

LAKES,RIVER,SEA……

THE GREENISH SEA,THE BLUISH SKY

AND THE REDISH SKY ARE THE

PRECIOUS GREENISH CLUSTERED FOREST,

THE GOLDEN

DAWN OF SUN AND THE REDISH DUSK


OF SUN MAKES EARTH GODDESS.





ഗവ. സെക്കന്ററി സ്കൂൾ കോക്കല്ലൂർ- പഴയ കെട്ടിടം







# നന്ദി

വാക്കും വരകളും
ഓർമകളും
ഓർമപ്പെടുത്തലുകളുമായി
മാസികയ്ക്ക് ..........!

എഡിറ്റോറിയൽ